പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*300 — 13-03-2017-ലെ മറുപടിയ്ക്ക്

## വളം-കീടനാശിനി ഉപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളം, കീടനാശിനികൾ എന്നിവയുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) വളങ്ങളുടെയും കീടനാശിനികളുടെയും ശാസ്ത്രീയമായ ഉപയോഗക്രമം, നല്ല കൃഷി പരിപാലനമുറകൾ, സംയോജിത വളപ്രയോഗം, സംയോജിത രോഗ-കീടനിയന്ത്രണ മാർഗ്ഗങ്ങൾ, വിഷാംശം കുറഞ്ഞ പുതുതലമുറ കീടനാശിനികളുടെ ഉപയോഗം, ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നീ കേന്ദ്ര സർക്കാർ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ വഴി രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിന് നടപടികൾ കർശനമായി സ്വീകരിച്ചു വരുന്നു. |
| (ബി) ഈ സർക്കാരിന്റെ ഇടപെടൽ മൂലം, നിരോധിച്ചിട്ടുള്ള കീടനാശിനികളുടെ ഉപയോഗം എത്രമാത്രം കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വില്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും, കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും കഴിഞ്ഞിട്ടുണ്ട്. കൃഷി വകുപ്പ് ഓഫീസർമാരുടെ അറിവില്ലാതെ കീടനാശിനി കമ്പനികൾ നേരിട്ട് കൃഷിക്കാർക്ക് കീടനാശിനി നൽകുന്നതും, കൃഷി ഇടങ്ങളിൽ demonstration നടത്തുന്നതും പരസ്യങ്ങൾ നൽകി കീടനാശിനി പ്രയോഗിക്കുന്നതിന് കൃഷിക്കാരെ നിർബന്ധിക്കുന്നതിനും കൃഷി വകുപ്പ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. |

അയൽ സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി കീടനാശിനികൾ കർഷകർക്ക് നേരിട്ട് എത്തിക്കുന്നത് പൂർണ്ണമായി തടയുന്നതിനായി അതിർത്തി ജില്ലകളിൽ പ്രത്യേക ജാഗ്രത പുലർത്തുവാൻ ജില്ലാ വിജിലൻസ് കമ്മിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ, പോലീസ്, എക്സൈസ് വകുപ്പ് ഉദ്യാഗസ്ഥർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ് ചെക്ക്പോസ്റ്റുകളിലും മറ്റും പരിശോധന നടത്തിവരുന്നു.

വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടുവരികയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന പക്ഷം, കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്നുകാട്ടി കർഷകർക്ക് നോട്ടീസ് നല്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നിരോധിത കീടനാശിനികൾക്കെതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ-ശ്രാവ്യ പത്ര മാധ്യമങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിന് മേൽ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

| | | | |
|---|---|---|---|
| **(സി)** | കർഷകർക്ക് കുമ്മായത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ; | **(സി)** | 'സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ്' എന്ന പദ്ധതിയിലൂടെ കർഷകർക്ക് ആവശ്യാനുസരണം കുമ്മായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| **(ഡി)** | കുമ്മായത്തിന് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(ഡി)** | കുമ്മായത്തിന് മുൻകാലങ്ങളിൽ 50% നിരക്കിൽ ഹെക്ടർ ഒന്നിന് പരമാവധി 3,000/- രൂപയായിരുന്ന സബ്സിഡി നിലവിൽ 75% നിരക്കിൽ ഹെക്ടർ ഒന്നിന് പരമാവധി 5,400/- രൂപയായി 30-09-2016 മുതൽ ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ